# തുടർവിദ്യാഭ്യാസ പരിപാടി

കേരളം 1991 ഏപ്രിൽ 18ന് സമ്പൂർണ്ണ സാക്ഷരത നേടി. 1992-ൽ സാക്ഷരതാനന്തര പ്രവർത്തനങ്ങൾക്ക് കേരളത്തിൽ തുടക്കമിട്ടു. 1998 ഒക്ടോബർ രണ്ടിനാണ് തുടർവിദ്യാഭ്യാസ പദ്ധതി ആരംഭിച്ചത്. കേന്ദ്ര സർക്കാരിന്റെ മാനവ വിഭവവികസന മന്ത്രാലയത്തിന്റെ കീഴിലുള്ള ദേശീയ സാക്ഷരതാ മിഷന്റെ ഗ്രാന്റോടുകൂടിയാണ് പദ്ധതി പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടത്. ഇപ്പോൾ സംസ്ഥാന സർക്കാരിന്റെ ബജറ്റ്‌വിഹിതവും തുടർവിദ്യാഭ്യാസ പരിപാടിക്ക് ലഭിച്ചു വരുന്നുണ്ട്. 11-ാം പദ്ധതിയിൽപ്പെടുത്തി ബജറ്റ് വിഹിതം വർദ്ധിപ്പിക്കുന്നതിന് മേൽനടപടികൾ പൂർത്തിയാക്കി. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പിന്തുണയോടെ സംസ്ഥാന വ്യാപകമായി തുടർവിദ്യാഭ്യാസപദ്ധതി നടപ്പിലാക്കിയ ആദ്യ സംസ്ഥാനമാണ് കേരളം. 2009-10 ഓടെ സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ സംസ്ഥാനമാക്കി കേരളത്തെ മാറ്റുന്നതിനുള്ള പദ്ധതി പുരോഗമിച്ചുവരുന്നു.

### ലക്ഷ്യങ്ങൾ

- നേടിയെടുത്ത സാക്ഷരതയെ തുടർപഠനത്തിലൂടെ വികസിപ്പിക്കുക.
- താല്പര്യമുള്ള ഏതൊരാൾക്കും പഠിക്കാനുള്ള അവസരമൊരുക്കുക
- നേടിയ അറിവ് ജീവിതത്തിൽ പ്രയോഗിക്കാനുള്ള ശേഷി വളർത്തുക
- സർക്കാരിന്റെ വികസന-ക്ഷേമപദ്ധതികളെക്കുറിച്ച് അറിവ് നൽകുക
- സാമൂഹ്യപ്രശ്നങ്ങളെ വിമർശനപരമായി വിലയിരുത്താനുള്ള അവബോധം ഉയർത്തുക
- സാമൂഹ്യവികസനപ്രക്രിയയിൽ സക്രിയമായി ഇടപെടുന്നതിനുള്ള കഴിവ് വളർത്തുക.
- സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളെ വികസന, ക്ഷേമപ്രവർത്തനങ്ങളിൽ സജീവപങ്കാളികളാക്കി അവരുടെ ജീവിത നിലവാരം ഉയർത്താൻ സഹായിക്കുക.
- കേരളത്തിലെ മുഴുവൻ ആളുകൾക്കും പടിപടിയായി സെക്കന്ററിതലവിദ്യാഭ്യാസം ഉറപ്പുവരുത്തുക.
- കേരളത്തിന്റെ തനതായ പൗരവിദ്യാഭ്യാസപ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

### ഗുണഭോക്താക്കൾ

- നിരക്ഷരർ
- നവസാക്ഷരർ
- സ്കൂളിൽ നിന്ന് കൊഴിഞ്ഞുപോയവർ
- ആജീവനവിദ്യാഭ്യാസത്തിൽ താല്പര്യമുള്ള ഏവരും

### വിദ്യാകേന്ദ്രങ്ങൾ

സംസ്ഥാനത്ത് ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങളിലായി 4000 വിദ്യാകേന്ദ്രങ്ങളാണ് പ്രവർത്തിക്കുന്നത്. ഇതിൽ 3500 തുടർവിദ്യാകേന്ദ്രങ്ങളും 500 വികസനവിദ്യാകേന്ദ്ര ങ്ങളുമുൾപ്പെടുന്നു. ഗ്രാമപഞ്ചായത്തുകളിൽ മൂന്ന് വീതവും മുനിസിപ്പാലിറ്റികളിൽ അഞ്ച് വീതവും കോർപ്പറേഷനുകളിൽ 10 വീതവുമാണ് വിദ്യാകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. വികസനവിദ്യാകേന്ദ്രങ്ങൾ ബ്ലോക്ക്പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും രണ്ട് വീതവും കോർപ്പറേഷനുകളിൽ മൂന്ന് വീതവുമുണ്ട്. ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ രണ്ട് മാതൃകാ വികസനവിദ്യാകേന്ദ്രങ്ങൾ വീതം 14 ജില്ലകളിലും പ്രവർത്തിക്കുന്നു.

### പ്രേരക്മാർ

വിദ്യാകേന്ദ്രങ്ങളുടെ ചുമതലക്കാർ 'പ്രേരക്'മാരാണ്. തുടർ വിദ്യാകേന്ദ്രം പ്രേരക്മാരായി നിയോഗിക്കുന്നതിന് എസ്.എസ്. എൽ.സിയാണ് വിദ്യാഭ്യാസ യോഗ്യത. വികസനവിദ്യാകേന്ദ്രങ്ങളിൽ പ്രേരക് നിയമനത്തിനുള്ള അടിസ്ഥാന യോഗ്യത ബിരുദമാണ്. എന്നാൽ ബിരുദാനന്തരബിരുദധാരികൾ പോലും പ്രേരക്മാരായി പ്രവർത്തിക്കുന്നുണ്ട്. നാലായിരം വിദ്യാകേന്ദ്രങ്ങളിലായി പ്രേരക്മാരും അസി. പ്രേരക്മാരുമുൾപ്പെടെ 8000 പേർ പ്രവർത്തിക്കുന്നു.

## ലക്ഷ്യാധിഷ്ഠിത പരിപാടികൾ

സമഗ്ര മാനവവിഭവശേഷി വികസനമാണ് തുടർവിദ്യാഭ്യാസ പരിപാടിയുടെ ആത്യന്തികലക്ഷ്യം. അതിനായി താഴെപ്പറയുന്ന അഞ്ച് ലക്ഷ്യാധിഷ്ഠിത പരിപാടികൾ വിദ്യാകേന്ദ്രങ്ങളിലൂടെ നടപ്പിലാക്കണമെന്ന് ദേശീയ സാക്ഷരതാ മിഷൻ വിഭാവനം ചെയ്യുന്നു.

### 1. അടിസ്ഥാന സാക്ഷരതാപരിപാടി (Basic Literacy Programme)

സമ്പൂർണ്ണ സാക്ഷരത നേടിയെങ്കിലും നിരക്ഷരത ഇപ്പോഴും ഒരു സാമൂഹ്യപ്രശ്നമായി അവശേഷിക്കുന്നു, പ്രത്യേകിച്ചും തീരദേശ, ആദിവാസി മേഖലകളിൽ. അവശേഷിക്കുന്ന നിരക്ഷരത പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതികൾ സമയബന്ധിതമായി നിർവ്വഹിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സാക്ഷരതാ മിഷൻ ഊർജ്ജിതമാക്കിയിരിക്കുകയാ

ണ്. ഇതിന്റെ ഭാഗമായി വിദ്യാകേന്ദ്രങ്ങൾ സ്ഥിതിചെയ്യുന്ന വാർഡുകളെ പൂർണ്ണമായും നിരക്ഷരവിമുക്തമാക്കാനുള്ള കർമ്മപദ്ധതി ആരംഭിച്ചിട്ടുണ്ട്.

### 2. തുല്യതാ പരിപാടി (Equivalency Programme)

നവസാക്ഷരർ, സ്കൂളിൽ നിന്ന് കൊഴിഞ്ഞുപോയവർ തുടങ്ങി ഔപചാരിക വിദ്യാഭ്യാസം നേടാൻ അവസരം ലഭിക്കാതെ പോയ ആളുകൾക്ക് അനൗപചാരിക വിദ്യാഭ്യാസത്തിലൂടെ തുടർപഠനത്തിനു അവസരമൊരുക്കുന്നതാണ് തുല്യതാപരിപാടി. നാലാംക്ലാസ്, ഏഴാംക്ലാസ്, പത്താംക്ലാസ് എന്നിവയ്ക്ക് തുല്യമായ യോഗ്യത നേടാൻ തുല്യതാ പരിപാടിയിലൂടെ കഴിയും. നാലാംതരം തുല്യതാ പരിപാടിയിൽ ഇപ്പോൾ അഞ്ചാമത്തെ ബാച്ചും ഏഴാംതരത്തിന്റെ മൂന്നാമത്തെ ബാച്ചും നടന്നുവരുന്നു. പത്താംതരം തുല്യതാ കോഴ്സിന്റെ 'ഒ' ലെവൽ പരീക്ഷ വിജയകരമായി നടത്തി പരീക്ഷാഫലം പ്രഖ്യാപിച്ചു. 'എ' ലെവൽ കോഴ്സിന്റെ രണ്ടു ബാച്ചുകൾ പൂർത്തീകരിച്ച് പരീക്ഷാഫലങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മൂന്നാമത്തെ ബാച്ച് നടന്നുവരുന്നു. എ ലെവൽ പഠിതാക്കൾക്കായി 14 ജില്ലകളിലും സ്കൂളുകൾ കേന്ദ്രീകരിച്ച് സമ്പർക്കപഠനക്ലാസുകൾ നടത്തിവരുന്നു. ഞായറാഴ്ചകളിലും രണ്ടാംശനിയാഴ്ചകളിലുമാണ് ക്ലാസ് നിശ്ചയിച്ചിട്ടുള്ളത്. എങ്കിലും പൊതുഅവധി ദിവസങ്ങളിലും ക്ലാസുകൾ നടത്തുന്നു. കേരള സർക്കാരിന്റെ ഉത്തരവ് പ്രകാരം 'എ' ലെവൽ കോഴ്സ് പാസ്സാകുന്നവർക്ക് നൽകുന്ന സർട്ടിഫിക്കറ്റുകൾ എസ്.എസ്.എൽ.സിയ്ക്കു തുല്യമായി അംഗീകരിച്ചിട്ടുണ്ട്.

### 3. വരുമാനവർദ്ധകപരിപാടികൾ (Income Generating Programmes)

സാധാരണ ജനങ്ങൾക്ക് അവരവരുടെ തൊഴിൽപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും പുതിയ തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനും ആവശ്യമായ സാങ്കേതികവിദ്യാഭ്യാസം നൽകി വരുമാനം വർദ്ധിപ്പിക്കാൻ സഹായിക്കുന്ന പരിപാടിയാണിത്.

പുതിയ നൈപുണികൾ പരിചയപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കാൻ സഹായിക്കുക, സ്വയംതൊഴിൽ കണ്ടെത്താൻ ആവശ്യമായ പരിശീലനങ്ങൾ നൽകുക, കൃഷിഭൂമി ഫലപ്രദമായി ഉപയോഗിച്ച് വരുമാനം വർദ്ധിപ്പിക്കാനുള്ള സഹായം നൽകുക തുടങ്ങിയവയാണ് വരുമാനവർദ്ധക പരിപാടികളിലൂടെ ലക്ഷ്യമാക്കുന്നത്. തൊഴിൽ പരിശീലനം നൽകിയും തൊഴിൽ യൂണിറ്റുകൾ ആരംഭിച്ചും ഗുണഭോക്താക്കളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ സഹായങ്ങൾ വിവിധ ഏജൻസികളുടെ സഹകരണത്തോടെ വിദ്യാകേന്ദ്രങ്ങൾ വഴി നടപ്പിലാക്കി വരുന്നു.

### 4. ജീവിത ഗുണനിലവാര വർദ്ധകപരിപാടികൾ (Quality of Life Improvement Programmes)

സമൂഹത്തിലെ എല്ലാവിഭാഗം ആളുകളുടെയും ജീവിത ഗുണനിലവാരം മെച്ചപ്പെടുത്തുവാൻ സഹായകമായ പരിപാടിയാണിത്. ജനങ്ങളുടെ അറിവ്, കഴിവ് എന്നിവയിൽ വർദ്ധനവും, മനോഭാവം, മൂല്യബോധം എന്നിവയിൽ മാറ്റവും ഉണ്ടാക്കി ജീവിതഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനാവശ്യമായ ആരോഗ്യ സംരക്ഷണം, പരിസ്ഥിതി സംരക്ഷണം, ജലസംരക്ഷണം, പാർപ്പിടസൗകര്യം ലഭ്യമാക്കൽ, സാമൂഹ്യവനവൽക്കരണം തുടങ്ങിയ പരിപാടികളാണ് ഇതിലുൾപ്പെടുന്നത്. ചർച്ചകൾ, സംവാദങ്ങൾ, ബോധവൽക്കരണ ക്ലാസുകൾ, മെഡിക്കൽ ക്യാമ്പുകൾ എന്നിവ ഇതിന്റെ ഭാഗമായി സംഘടിപ്പിക്കുന്നു.

### 5. വ്യക്തിഗതതാൽപര്യപോഷണപരിപാടികൾ (Individual Interest Promotion Programmes)

സമൂഹത്തിലെ ഓരോ വ്യക്തിയിലും അന്തർലീനമായിരിക്കുന്ന സവിശേഷ സിദ്ധികളും കലാകായികാഭിരുചികളും കണ്ടെത്തി പരിപോഷിപ്പിക്കുവാൻ സഹായിക്കുന്ന ഒരു പരിപാടിയാണിത്. തദ്ദേശഭരണസ്ഥാപനങ്ങളുടെയും വിവിധ ഏജൻസികളുടെയും സഹകരണത്തോടെ വ്യക്തികളുടെ കലാ, സാഹിത്യ, സാംസ്കാരികാഭിരുചികൾ വളർത്തിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഈ വിഭാഗത്തിൽ നടന്നുവരുന്നത്. തദ്ദേശഭരണസ്ഥാപനങ്ങളുടെ സഹകരണത്തോടെ നവസാക്ഷരർക്കും തുല്യതാ പഠിതാക്കൾക്കും വേണ്ടി തുടർവിദ്യാഭ്യാസ കലാമേളകൾ സംഘടിപ്പിച്ചു വരുന്നു. ഗ്രാമ, ബ്ലോക്ക്, ജില്ലാതല കലോത്സവങ്ങൾ വർഷങ്ങളായി നടന്നുവരുന്നു. 2007 മുതൽ സംസ്ഥാന കലോത്സവത്തിനും തുടക്കം കുറിച്ചിട്ടുണ്ട്.

## നൂതന പരിപാടികൾ

ലക്ഷ്യാധിഷ്ഠിത പരിപാടികൾക്കുപുറമേ വൈവിധ്യമാർന്നതും നൂതനവുമായ ഒട്ടേറെ പ്രവർത്തനങ്ങൾ ഇപ്പോൾ വിവിധ ജില്ലകളിൽനടന്നുവരുന്നുണ്ട്.

### പത്താംതരം എ ലെവൽ കോഴ്സ്

അനൗപചാരിക വിദ്യാഭ്യാസരംഗത്തെ ഏറ്റവും ശ്രദ്ധേയചുവടുവെയ്പാണ് സംസ്ഥാന സാക്ഷരതാ മിഷൻ നടത്തുന്ന പത്താംതരം എ ലെവൽ കോഴ്സ്. പഠനം മുടങ്ങിയ ലക്ഷക്കണക്കായ നമ്മുടെ സഹോദരങ്ങൾക്ക് പ്രതീക്ഷ നൽകുന്ന ഈ കോഴ്സ് വിജയിക്കുന്നവർക്ക് എസ്.എസ്.എൽ.സിക്ക് തുല്യമായ സർക്കാർ അംഗീകൃത സർട്ടിഫിക്കറ്റ് ലഭിക്കും. 17 വയസു പൂർത്തിയായ, ഔപചാരിക വിദ്യാഭ്യാസത്തിലൂടെ ഏഴാംക്ലാസ് വിജയിച്ചവർക്കും സംസ്ഥാന സാക്ഷരതാ മിഷന്റെ ഏഴാംതരം തുല്യതാ പരീക്ഷ വിജയിച്ചവർക്കും പത്താംതരം എ ലെവൽ കോഴ്സിൽ ചേരാം. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സംഘടിപ്പിക്കുന്ന സമ്പർക്ക പഠനകേന്ദ്രങ്ങളിലൂടെയാണ് ക്ലാസ് നടത്തുന്നത്. പഠനം എളുപ്പമാക്കുന്നതിനായി പഠനസഹായിയും മാതൃകാപരീക്ഷാചോദ്യങ്ങളും ഉത്തരസൂചികയും സാക്ഷരതാ മിഷൻ നൽകും. പരീക്ഷാ നടത്തിപ്പും സർട്ടിഫിക്കറ്റ് നൽകലും പൂർണ്ണമായും വിദ്യാഭ്യാസവകുപ്പ് നേരിട്ടാണ് നടത്തുന്നത് എന്നതാണ് ഈ കോഴ്സിന്റെ സുപ്രധാന ആധികാരികതയും സവിശേഷതയും.

### സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പദ്ധതി

2010-ഓടെ കേരളത്തിലെ 15നും 60 നും മധ്യേ പ്രായമുള്ള എല്ലാവർക്കും സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നൽകുകയെന്ന ഉദാത്തദൗത്യമാണ് ഇപ്പോൾ സംസ്ഥാന സാക്ഷരതാ മിഷൻ ഏറ്റെടുത്തിരിക്കുന്നത്. സാക്ഷരതാ പ്രവർത്തകർ, തദ്ദേശഭരണ സ്ഥാപനങ്ങൾ, അനൗപചാരിക വിദ്യാഭ്യാസ രംഗത്തെ വിവിധ സന്നദ്ധ സംഘടനകൾ, ഏജൻസികൾ തുടങ്ങിയവയെല്ലാം ഒത്തുചേർന്നുള്ള ഒരു ബഹുജനമുന്നേറ്റത്തിലൂടെ മാത്രമേ ഇത്തരമൊരു ഐതിഹാസികലക്ഷ്യം നേടാനാവൂ. അത്തരത്തിലൊരു കൂട്ടായ്മ രൂപപ്പെടുത്തിയെ ടുക്കാനാണ് കേരള സർക്കാരും സാക്ഷരതാ മിഷനും ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

കേരളത്തെ സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ സംസ്ഥാനമാക്കുകയെന്ന സംസ്ഥാന സാക്ഷരതാ മിഷന്റെ ലക്ഷ്യം യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിവിധ തദ്ദേശഭരണസ്ഥാപനങ്ങൾ ഏറ്റെടുത്തു കഴിഞ്ഞു. കണ്ണൂരിലെ പയ്യന്നൂർ മുനിസിപ്പാലിറ്റി, മലപ്പുറം ജില്ലയിലെ നിലമ്പൂർ, ചേലേമ്പ്ര, ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തുകൾ, കൊല്ലം ജില്ലയിലെ നെടുവത്തൂർ ഗ്രാമപഞ്ചായത്ത് എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസപരിപാടി വിജയകരമായി പൂർത്തിയാക്കി. കണ്ണൂർ ജില്ലയിലാകെ പൂർത്തിയാക്കിവരുന്ന കിരൺ 2007-08, കാസർഗോഡ് ജില്ലയിൽ ആരംഭിച്ച വിജ്ഞാൻജ്യോതി, വയനാട് ജില്ലയിലെ അക്ഷരജ്വാല കൂടാതെ മറ്റു നിരവധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഒന്നാംഘട്ട തുല്യത (സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപാടി) ഊർജ്ജിതമായി നടന്നുവരുന്നു.

### കിരൺ-2008

കണ്ണൂർ ജില്ലയിൽ നടപ്പിലാക്കുന്ന സമ്പൂർണ്ണ നാലാംതരം പ്രാഥമിക വിദ്യാഭ്യാസ പദ്ധതിയാണ് കിരൺ-2008. കണ്ണൂർ ജില്ലാ പഞ്ചായത്തും ഒമ്പത് ബ്ലോക്കുകളും, ആറ് നഗരസഭകളും 81 ഗ്രാമപഞ്ചായത്തുകളും ചേർന്നാണ് പദ്ധതി നടപ്പിലാക്കുന്നത്. ഒരു കോടി എഴുപത്തിയൊന്ന് ലക്ഷം രൂപയുടെ പദ്ധതിയാണ് കിരൺ. ജില്ലയിലെ മുപ്പതിനായിരത്തോളം വരുന്ന നാലാംതരം പാസാകാത്ത ആളുകളെ കണ്ടെത്തി പഠിപ്പിച്ച് സർട്ടിഫിക്കറ്റ് നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. 18നും 50നും ഇടയിൽ പ്രായമുള്ളവരെയാണ് ടാർജറ്റ് ഗ്രൂപ്പിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കുടുംബശ്രീ, യുവജനക്ഷേമബോർഡ്, ഗ്രന്ഥശാലാ സംഘം, പഞ്ചായത്ത് വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, ഡയറ്റ് തുടങ്ങി വിവിധ വകുപ്പുകളുടെ സഹകരണവും പദ്ധതിക്കുണ്ട്. 2009 ജനുവരിയിൽ പദ്ധതി പൂർത്തികരിക്കാനാണ് ഉദ്ദേശിക്കുന്നത്.

### അക്ഷരജ്വാല

അക്ഷരദീപം സമ്പൂർണ്ണ സാക്ഷരതാപദ്ധതിയിലൂടെ സാക്ഷരരായ വയനാട് ജില്ലയിലെ പട്ടികവർഗ്ഗക്കാർക്കും പിന്നോക്ക വിഭാഗങ്ങൾക്കും പ്രത്യേക പ്രാധാന്യം നൽകി നടപ്പിലാക്കുന്ന സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപാടിയാണ് അക്ഷരജ്വാല. 75,000 പഠിതാക്കളെ 3 വർഷം കൊണ്ട് സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസത്തിലെത്തിക്കുന്ന പദ്ധതിക്ക് ജില്ലയിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ആകെ 23,85,000/- രൂപ വകയിരുത്തിയിട്ടുണ്ട്. ഘട്ടംഘട്ടമായാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ആദ്യഘട്ടത്തിൽ 20000 പേരെയാണ് നാലാംക്ലാസുകാരാക്കുന്നതിനായി ലക്ഷ്യമിടുന്നത്. 2010 ഏപ്രിൽ 18ന് വയനാടിനെ സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ ജില്ലയായി പ്രഖ്യാപിക്കാനാണ് തീരുമാനം.

### വിജ്ഞാൻജ്യോതി

കാസർഗോഡ് ജില്ലയിൽ വിജ്ഞാൻജ്യോതി എന്ന പേരിൽ സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസപദ്ധതി ആരംഭിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എല്ലാംകൂടി 1,10,39,000 രൂപയാണ് പദ്ധതിക്കായി നീക്കിവച്ചിട്ടുള്ളത്. ജില്ലാ സാക്ഷരതാമിഷന്റെ നേതൃത്വത്തിലാണ് പദ്ധതി പുരോഗമിക്കുന്നത്.

### തുടർവിദ്യാഭ്യാസ കലാമേള

പഠിതാക്കൾക്കും ഗുണഭോക്താക്കൾക്കും പ്രേരക്മാർക്കുംവേണ്ടി സംസ്ഥാനതലത്തിൽ കലാമേള സംഘടിപ്പിച്ചുവരുന്നു. നേരത്തേ ബ്ലോക്ക്-ജില്ലാ തലങ്ങളിലായിരുന്നു കലാമേളകൾ നടത്തിയിരുന്നത്. സാക്ഷരതാമിഷന്റെ ചരിത്രത്തിൽ ഇദം പ്രഥമമായി സംസ്ഥാന തലത്തിൽ കലാമേളയ്ക്ക് തുടക്കമിട്ടത് 2007 ലാണ്. അടുത്ത സംസ്ഥാനതല കലോത്സവം 2009 ജനുവരിയിൽ പാലക്കാട്ടാണ് നടത്തുന്നത്.

### സാക്ഷരതാ അവാർഡ്

സാക്ഷരതാ-തുടർവിദ്യാഭ്യാസ രംഗത്ത് ഏറ്റവും മികച്ച പ്രവർത്തനം നടത്തുന്ന ജില്ലയ്ക്കും തുടർവിദ്യാകേന്ദ്രത്തിനുമാണ് 2008 മുതൽ അവാർഡ് നൽകുന്നത്. പ്രഥമ സാക്ഷരതാ അവാർഡ് വയനാട് ജില്ലക്കായിരുന്നു. പതിനായിരം രൂപ വീതവും ശില്പവും പ്രശസ്തി പത്രവും അടങ്ങുന്നതാണ് അവാർഡ്. കണ്ണൂരിന് പ്രോത്സാഹന സമ്മാനം ലഭിച്ചു. കൊല്ലം ജില്ലയിലെ ഉമ്മന്നൂർ ചേക്കോട്ടുകോണം വിദ്യാകേന്ദ്രത്തിനാണ് മികച്ച കേന്ദ്രത്തിനുള്ള അവാർഡ് ലഭിച്ചത്. തിരുവനന്തപുരം പാറശ്ശാല ഗ്രാമപഞ്ചായത്തിലെ പരശുവയ്ക്കൽ വിദ്യാകേന്ദ്രത്തിന് പ്രോത്സാഹന സമ്മാനവും നൽകുകയുണ്ടായി.

### നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് & ട്രെയിനിംഗ് (NIRT), മൂന്നാർ

സാക്ഷരതാ-തുടർവിദ്യാഭ്യാസ രംഗത്തെക്കുറിച്ച് ഗവേഷണപഠനങ്ങൾ നടത്തുന്നതിനും തുടർവിദ്യാഭ്യാസ പ്രവർത്ത

കർക്ക് കാലാനുസൃതമായ പരിശീലനങ്ങൾ നൽകുന്നതിനും വേണ്ടി സംസ്ഥാന സാക്ഷരതാ മിഷൻ മൂന്നാറിൽ ഒരു ഗവേഷണപരിശീലന കേന്ദ്രം ആരംഭിച്ചിട്ടുണ്ട്. ഒരേ സമയം 100 പേർക്ക് താമസിക്കാവുന്ന ഡോർമിറ്ററി, 250 പേർക്ക് ഇരിക്കാവുന്ന ഹാൾ, ഫാക്കൽട്ടി കോട്ടേജ്, 50 പേർക്ക് ഇരിക്കാവുന്ന സെമിനാർ ഹാൾ, മറ്റ് ആധുനിക ട്രെയിനിംഗ് സംവിധാനങ്ങൾ എന്നിവയും ഇവിടെ സജ്ജീകരിച്ചിട്ടുണ്ട്. ഗവേഷകർക്കാവശ്യമായ രേഖകളും വിവരങ്ങളും നൽകുന്നതുൾപ്പെടെ എല്ലാവിധ സൗകര്യങ്ങളുമൊരുക്കുക യെന്നതാണ് ഈ കേന്ദ്രം കൊണ്ട് ഉദ്ദേശിക്കുന്നത്. കേരളത്തിലെ മാത്രമല്ല, രാജ്യത്താകെ നടക്കുന്ന സാക്ഷരതാ, തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങളെക്കുറിച്ച് ആധികാരിക വിവരങ്ങൾ നൽകാനും പരിശീലനം നൽകാനും സുസജ്ജമായ ഒരു ദേശീയ സ്ഥാപനമാക്കി ഈ കേന്ദ്രത്തെ വളർത്തിയെടുക്കാനുള്ള ഉദ്യമത്തിലാണ് സംസ്ഥാന സാക്ഷരതാ മിഷൻ. ഇവിടുത്തെ ട്രെയിനിംഗ്, അക്കോമഡേഷൻ സൗകര്യങ്ങൾ, സാക്ഷരതാ മിഷന് പ്രോഗ്രാമില്ലാത്ത സമയങ്ങളിൽ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾക്ക് മിതമായ നിരക്കിൽ നൽകി വരുന്നു.

## വിദ്യാകേന്ദ്രങ്ങളിലൂടെ വിവരാവകാശ നിയമബോധവൽക്കരണം

സംസ്ഥാന വിവരാവകാശ കമ്മീഷനുമായി സഹകരിച്ച് സംസ്ഥാന സാക്ഷരതാ മിഷൻ ഏറ്റെടുത്തിരിക്കുന്ന പദ്ധതിയാണ് വിവരാവകാശ നിയമബോധവത്ക്കരണം. ഗ്രാമതലത്തിൽ ഒരു സ്ഥിരം സംവിധാനമായി വിവരാവകാശ ഇൻഫർമേഷൻ കേന്ദ്രങ്ങൾ രൂപവല്ക്കരിക്കുന്നതിനും, സംസ്ഥാനത്തൊട്ടാകെയുള്ള 4000 വിദ്യാകേന്ദ്രങ്ങളെയും 8000 പ്രേരക്മാരെയും ഫലപ്രദമായി വിനിയോഗിക്കുന്നതിനും ഏകദേശം 35 ലക്ഷം ജനങ്ങളിൽ നേരിട്ട് അവബോധം സൃഷ്ടിക്കുന്നതിനും ഈ പ്രോജക്ടിലൂടെ ഉദ്ദേശിക്കുന്നു. വിവരാവകാശ നിയമങ്ങളെക്കുറിച്ച് സാധാരണക്കാരിൽ അറിവ് ഉണ്ടാക്കുക, വിദ്യാകേന്ദ്രങ്ങളിൽ വിവര വിനിമയ കേന്ദ്രങ്ങൾ (Information Centres) ആരംഭിക്കുക, ഒരു പഠനോന്മുഖ സമൂഹം സൃഷ്ടിക്കുക എന്നിവയാണ് പ്രോജക്ട് ലക്ഷ്യമിടുന്നത്. ഒന്ന്, രണ്ട് ഘട്ടങ്ങളിൽ കൊല്ലം, പാലക്കാട്, കണ്ണൂർ, കോഴിക്കോട്, വയനാട്, കാസറഗോഡ് ജില്ലകളിൽ നടത്തിയ ക്ലാസുകളിലായി 2 ലക്ഷത്തിലധികം പേർ പങ്കെടുത്തു. മൂന്നാംഘട്ടത്തിൽ ഇടുക്കി, എറണാകുളം, തൃശൂർ, മലപ്പുറം ജില്ലകളിലും നാലാംഘട്ടമായി തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ജില്ലകളിലുംബോധവൽക്കരണപരിപാടികൾ നടന്നുവരുന്നു. കൂടാതെ, സമ്മേളനം, സെമിനാർ, വിളംബര ജാഥ, ഓപ്പൺഫോറം, മാജിക് ഷോ എന്നിവയിലൂടെ വിവരാവകാശനിയമത്തെക്കുറിച്ചുള്ള അവബോധം ജനങ്ങളിൽ എത്തിക്കുന്നു. മാതൃകാവിവരവിനിമയ കേന്ദ്രങ്ങൾക്കു പുറമേ ഗ്രാമ/ബ്ലോക്ക് തലത്തിൽ വിവരവിനിമയ സഹായ കേന്ദ്രങ്ങളും ആരംഭിച്ചിട്ടുണ്ട്.

## 'സമ്പൂർണ്ണബ്രെയിൽ' സാക്ഷരതാ പരിപാടി (മലപ്പുറം)

മലപ്പുറം ജില്ലാസാക്ഷരതാ മിഷൻ നടപ്പിലാക്കി വരുന്ന ഏറ്റവും നവീനമായ പ്രവർത്തനമാണ് സമ്പൂർണ്ണ ബ്രെയിൽ സാക്ഷരതാപരിപാടി. ജില്ലയിലെ 18നും 50നും ഇടയ്ക്ക് പ്രായമുള്ള എല്ലാ നിരക്ഷരരായ അന്ധരെയും സാക്ഷരരാക്കുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. സാക്ഷരരാകുന്ന അന്ധർക്ക് തുടർന്ന് തുല്യതാപരിപാടിയിലൂടെ ഉപരിപഠനവും തൊഴിൽ പരിശീലനവും നൽകാനുള്ള പദ്ധതികളും രൂപപ്പെട്ടു വരുന്നുണ്ട്. ജില്ലാ പഞ്ചായത്തിന്റെ സമ്പൂർണ്ണസാമ്പത്തിക സഹായത്തോടെയാണ് ഈ പ്രോജക്ട് മലപ്പുറം ജില്ലാ സാക്ഷരതാ മിഷൻ നടപ്പാക്കുന്നത്. ഇന്ത്യയിലാദ്യമായാണ് ഇത്തരത്തിലൊരു പദ്ധതി നടപ്പിലാക്കുന്നത്.

## തദ്ദേശഭരണസ്ഥാപനങ്ങളും തുടർവിദ്യാഭ്യാസ പരിപാടിയും

തദ്ദേശഭരണസ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻ ചെയർമാനും സെക്രട്ടറി കോർഡിനേറ്ററു(ഫിനാൻസ് & അഡ്മിനിസ്ട്രേഷൻ)മായി പ്രവർത്തിക്കുന്ന സാക്ഷരതാ മിഷനുകളാണ് തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്നത്. ഈ പ്രവർത്തനങ്ങൾക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതും മേൽനോട്ടം വഹിക്കുന്നതും സംസ്ഥാന സാക്ഷരതാമിഷനാണ്. ഭരണഘടനയുടെ 72, 73 ഭേദഗതി, കേരള നിയമസഭ പാസാക്കിയ പഞ്ചായത്ത് രാജ്, നഗരപാലിക ആക്ട് എന്നിവ പ്രകാരം സാക്ഷരതാ തുടർവിദ്യാഭ്യാസ പരിപാടികളുടെ നടത്തിപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. സംസ്ഥാനത്തെ ഭൂരിപക്ഷം തദ്ദേശഭരണസ്ഥാപനങ്ങളും തുടർവിദ്യാഭ്യാസ പരിപാടിയുമായി സഹകരിക്കുകയും വാർഷിക പദ്ധതികളിൽ പ്രോജക്ടുകൾ അനുവദിക്കുകയും ചെയ്തു വരുന്നു. തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നൽകുന്ന പദ്ധതിവിഹിതത്തിന്റെ നിശ്ചിതശതമാനം തുടർവിദ്യാഭ്യാസ പരിപാടിയ്ക്ക് വകയിരുത്തുക കൂടി ചെയ്താൽ കേരളത്തിലെ തുടർവിദ്യാഭ്യാസ പരിപാടി കൂടുതൽ ഔന്നത്യത്തി ലെത്തിക്കാൻ കഴിയും.

## തുടർവിദ്യാഭ്യാസം : കേരള മോഡലിന് അംഗീകാരങ്ങൾ

സാക്ഷരതയിലെന്നപോലെ തുടർവിദ്യാഭ്യാസപരിപാടിയിലും കേരളത്തിന്റെ മാതൃക ദേശീയതലത്തിൽ അംഗീകരിക്കപ്പെട്ടുകഴിഞ്ഞു. മികച്ച പ്രവർത്തനങ്ങൾക്കുള്ള നാഷണൽ ലിറ്ററസി മിഷൻ-യുനെസ്കോ പുരസ്കാരം (2000), രാജ്യത്തെ ഏറ്റവും മികച്ച തുടർവിദ്യാഭ്യാസ ജില്ലയ്ക്കുള്ള ദേശീയ സാക്ഷരതാ മിഷന്റെ സത്യൻ മൈത്ര പുരസ്കാരം (ഇടുക്കി-2004, കൊല്ലം-2006, കാസറഗോഡ് - 2007), രാജ്യത്തെ ഏറ്റവും മികച്ച സാക്ഷരതാ പ്രവർത്തകർക്കുള്ള അവാർഡുകൾ (ഇടുക്കി- 2004, കൊല്ലം-2006, കാസറഗോഡ് - 2007) എന്നിവ സംസ്ഥാനത്തിന് ഇതിനകം ലഭിച്ചിട്ടുണ്ട്.

## കേരളത്തിന്റെ സാക്ഷരതാ നിലവാരം

വയനാട് ജില്ലയിൽ ആദിവാസികളുടെ സാക്ഷരതാ നിലവാരം ഉയർത്തുന്നതിനായി നടത്തിയ അക്ഷരദീപം പദ്ധതിയിലൂടെ 43000 പേരെ സാക്ഷരരാക്കി. പാലക്കാട് ജില്ലയിൽ പട്ടികജാതി സാക്ഷരതാ പദ്ധതി, അഹാഡ്സിന്റെ ആദിവാസി സാക്ഷരതാ പദ്ധതി, കണ്ണൂർ , കാസറഗോഡ്, വയനാട് ജില്ലകളിലെ സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പദ്ധതി, വിവിധ ജില്ലകളിൽ നടത്തിവരുന്ന സാക്ഷരതാ-തുല്യതാ ക്ലാസുകൾ എന്നിവയിലൂടെ കേരളത്തിന്റെ സാക്ഷരതാ നിരക്കിൽ അഞ്ച് ശതമാന

ത്തിലധികം വർദ്ധനവുണ്ടായതായാണ് വിലയിരുത്തൽ. അങ്ങനെ നോക്കുമ്പോൾ കേരളത്തിന്റെ സാക്ഷരതാ നിരക്ക് ഇപ്പോൾ 95 ശതമാനമാണെന്ന് കരുതാവുന്നതാണ്.

## തുടർവിദ്യാഭ്യാസം – പുതിയ കാഴ്ചപ്പാട്

കേരളത്തിന്റെ സവിശേഷമായ വികസനപ്രശ്നങ്ങൾ, പ്രതിസന്ധികൾ, വെല്ലുവിളികൾ തുടങ്ങിയവയെല്ലാം അഭിസംബോധന ചെയ്യാൻ കഴിയുന്ന ഒരു ജനകീയ പ്രസ്ഥാനമായി തുടർവിദ്യാഭ്യാസ പ്രവർത്തനത്തെ പുനരാവിഷ്ക്കരിക്കാനാണ് സാക്ഷരതാ മിഷൻ ലക്ഷ്യമിടുന്നത്. അതിനായി നവകേരളസൃഷ്ടിയിൽ സുപ്രധാനമായ ഒരു പങ്ക് വഹിക്കാൻ കഴിയും വിധം സാക്ഷരതാ -തുടർവിദ്യാഭ്യാസ പരിപാടികൾ പുന:സംഘടിപ്പിക്കും. സാക്ഷരതയെന്നാൽ അക്ഷരവും വാക്കുകളും വായിക്കലല്ല, ലോകത്തെ അറിയലാണ്. അക്ഷരജ്ഞാനം കൈവശമാക്കുന്നതോടൊപ്പം തന്നെ, സാമൂഹികമായും സാമ്പത്തികമായും സാംസ്ക്കാരിക മായും നിലനിൽക്കുന്ന പിന്നോക്കാവസ്ഥയ്ക്കുള്ള കാരണങ്ങൾ തിരിച്ചറിയാനും അവയ്ക്കെതിരെ സംഘടിതമായി പ്രവർത്തി ക്കാനുമുള്ള കഴിവ് ആർജ്ജിക്കുക എന്നതും സാക്ഷരതയുടെ ലക്ഷ്യമാകണം. ഇത് സാദ്ധ്യമാകണമെങ്കിൽ കേരളത്തിലെ സാക്ഷരതാ-തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ലക്ഷ്യം താഴെപ്പറയുംവിധം പുനർനിർവ്വചിക്കണം.

- കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും അറിവും കഴിവും നൈപുണികളും തുടർച്ചയായി വികസിപ്പിക്കാൻ സഹായക മായ അനൗപചാരിക-തുടർ-വിദ്യാഭ്യാസ സൗകര്യങ്ങളും സംവിധാനങ്ങളും ഏർപ്പെടുത്തുക
- പലവിധ സാമൂഹ്യ, സാമ്പത്തിക, രാഷ്ട്രീയ കാരണങ്ങളാൽ ഇനിയും സാക്ഷരത നേടാൻ കഴിഞ്ഞിട്ടില്ലാത്തവർ, നേടിയ സാക്ഷരത (അക്ഷരജ്ഞാനം) തുടർച്ചയായി പോഷിപ്പിക്കാനും വികസിപ്പിക്കാനും അവസരം ലഭിക്കാത്തവർ, ഔപചാ രിക വിദ്യാഭ്യാസത്തിന്റെ മുഖ്യധാരയിൽ നിന്നും പല കാരണങ്ങളാൽ പല ഘട്ടങ്ങളിലായി കൊഴിഞ്ഞു പോയവർ, ഭൗതിക സാഹചര്യങ്ങൾ വിപരീതമാകയാൽ തങ്ങൾക്ക് താല്പര്യമുള്ള കാര്യങ്ങൾ പഠിക്കാനോ സ്വന്തം കഴിവുകളും വാസനകളും നൈപുണികളും വികസിപ്പിക്കാനോ അവസരം ലഭിക്കാത്തവർ, ലിംഗനീതി നിഷേധത്തിന്റെ ഫലമായി പാർശ്വവൽക്കരിക്കപ്പെട്ട സ്ത്രീകൾ, സവിശേഷമായ തൊഴിൽ സാഹചര്യങ്ങൾ, കുടുംബപരിതസ്ഥിതികൾ, ശാരീരിക വിഷമതകൾ എന്നു തുടങ്ങിയ കാരണങ്ങളാൽ പഠനം ഫലപ്രദമായി തുടരാൻ കഴിയാത്തവർ എന്നിവർക്കെല്ലാം തുടർവി ദ്യാഭ്യാസം ഉറപ്പുവരുത്തുക.
- കേരളത്തിന്റെ സർവ്വതോൻമുഖമായ വികാസം, നമ്മുടെ നാട്ടിലെ വിഭവങ്ങളുടെ ഏറ്റവും ഫലപ്രദമായ ഉപയോഗം, നാം അഭിമുഖീകരിക്കുന്ന ദാരിദ്ര്യം, തൊഴിലില്ലായ്മ എന്നീ പ്രശ്നങ്ങളുടെ പരിഹാരം.
- കേരളീയ ജനതയുടെ മൊത്തത്തിലുള്ള സാമൂഹ്യ, സാംസ്ക്കാരികാവബോധവും ജനാധിപത്യ ബോധവും, ശാസ്ത്ര ബോധവും വികസിപ്പിക്കുക
- ആജീവന തുടർവിദ്യാഭ്യാസ പ്രക്രിയയുടെ എല്ലാതലങ്ങളിലും ലിംഗനീതി ഉറപ്പ് വരുത്തുക.
- ആധുനിക കാലഘട്ടത്തിന്റെ സാധ്യതകളെയും വെല്ലുവിളികളെയും അഭിമുഖീകരിക്കാൻ കഴിയുംവിധം സർവ്വതലസ്പർശി യായ നൈപുണി വികസന (Skill Development) പരിപാടികൾ ആവിഷ്ക്കരിക്കുക.
- കേരളത്തിന്റെ നവോത്ഥാന തുടർച്ചയെ പ്രോത്സാഹിപ്പിക്കാനുതകുന്ന ജനകീയാവബോധം സൃഷ്ടിക്കുക
- കേരളത്തിൽ വേരുറച്ചിട്ടുള്ള പ്രാദേശിക ഭരണസംവിധാനത്തെ കൂടുതൽ സുതാര്യവും പങ്കാളിത്തപരവും ഉത്തരവാദിത്വ പരവുമാക്കുക

അതിനായി താഴെപ്പറയുന്ന സമഗ്ര പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ തയ്യാറെടുക്കുകയാണ് സാക്ഷരതാ മിഷൻ.

- സാക്ഷരതാ പ്രവർത്തനം
- തുല്യതയോടുകൂടിയ ജനകീയ വിദ്യാഭ്യാസ പദ്ധതി (സമ്പൂർണ്ണ തുല്യതാ പരിപാടി)
- വിപുലമായ തൊഴിൽ വിദ്യാഭ്യാസ പരിപാടി
- സാമൂഹ്യ ബോധ വികസനപരിപാടി (Social Education Programme)
- ഭാഷ-സംസ്കാര പഠനപരിപാടികൾ
- കായികവിദ്യാഭ്യാസം
- ആരോഗ്യവിദ്യാഭ്യാസം